(സി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം കേസ്സുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതാണെന്ന വിവരം പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത വാഹനങ്ങൾ ഓരോന്നും എത്രകാലമായി സ്റ്റേഷൻ വളപ്പിൽ കിടക്കുന്നുണ്ടെന്നും ഇവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാത്തതെന്തു കൊണ്ടാണെന്നും വ്യക്തമാക്കാമോ?

വില തിട്ടപ്പെടുത്തിയിട്ടില്ല. കോടതിയുടെ പരിഗണനയിലായതിനാൽ മറുപടി നൽകാൻ നിർവ്വാഹമില്ല.

(ഇ) പോലീസ് സ്റ്റേഷൻ വളപ്പിൽ അല്ലാതെ മറ്റേതെങ്കിലും സ്ഥലങ്ങളിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ എത്രവാഹനങ്ങൾ എത്രകാലമായി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്തുനടന്ന അക്രമങ്ങൾ

85 (1447) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടന്ന കൊലപാതകം, കൊലപാതകശ്രമം, ബലാത്സംഗം, സ്ത്രീധന പീഡന മരണം, ലൈംഗിക അതിക്രമങ്ങളുടെ എണ്ണം, ലൈംഗിക അതിക്രമങ്ങളിലൂടെയുള്ള മരണം, കൊള്ള, മോഷണം, കലാപങ്ങൾ, ബ്ലേഡ് മാഫിയ ആക്രമണം, ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെയുള്ള മരണം, ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെ വീടും സ്ഥലവും നഷ്ടപ്പെട്ടവർ, മണൽ മാഫിയ ആക്രമണം, മണൽ മാഫിയ ആക്രമണത്തിലൂടെയുള്ള മരണം, കുട്ടികൾക്കുനേരെയുള്ള ആക്രമണം, വൃദ്ധർക്കുനേരെയുള്ള ആക്രമണം, ട്രാൻസ്ജൻഡർക്കുനേരെയുള്ള ആക്രമണം, മറ്റ് മാഫിയ ആക്രമണവും മരണവും എത്ര വീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ കാലയളവിലെ (25-5-2016 മുതൽ 19-5-2021 വരെ) ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കണക്കുകളുടെ അടിസ്ഥാനത്തിൽ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് ആഭ്യന്തര വകുപ്പിൽ നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ക്രമസമാധാന പരിപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കൂടാതെ ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തമാക്കുകയും പോലീസുദ്യോഗസ്ഥർക്ക് കേസ്സന്വേഷണം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശവും ബന്ധപ്പെട്ട വിഷയങ്ങളിൽ ക്ലാസ്സും ട്രെയിനിംഗും നൽകുകയും പോലീസ് സ്റ്റേഷനുകളിൽ ക്രൈം വിഭാഗം പ്രത്യേകമായി തരം തിരിക്കുകയും പോലീസ് സ്റ്റേഷനുകളുടെ ചുമതല ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഏൽപ്പിക്കുകയും പോലീസ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തുകയും കേസ്സന്വേഷണ വിഭാഗം ശക്തിപ്പെടുത്തുകയും സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷിക്കുകയും മദ്യം, മയക്കുമരുന്ന്, കള്ളപ്പണ സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും 24 മണിക്കൂറും പോലീസിന്റെ സാന്നിദ്ധ്യം റോഡുകളിലും മറ്റും ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

കുത്താട്ടുകുളം പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസ് ക്വാർട്ടേഴ്സുകൾ

86 (1448) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ കുത്താട്ടുകുളം പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസ് ക്വാർട്ടേഴ്സുകൾ പുതുതായി നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.